**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 94402/DOA-ASST-1/2023/Admn

തീയതി: 01.07.2023

**<u>സർക്കുലർ</u>**

വിഷയം: 2023-24 അധ്യായന വർഷത്തെ ബിരുദ കോഴ്സുകളുടെ രണ്ടാമത്തെ അലോട്ട്മെന്റ് - പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്.

**<u>യു ജി ക്യാപ്പ് -2023/സർക്കുലർ - 4</u>**

1. 2023-2024 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തോടനുബന്ധിച്ചുള്ള **രണ്ടാമത്തെ അലോട്ട്മെന്റ് 04.07.2023 തിയതിയിൽ പ്രസിദ്ധീകരിക്കും.**

2. രണ്ടാം അല്ലോട് മെന്റിന് ശേഷം അഡ്മിഷൻ എൻടി വരുത്തുന്നതിനുള്ള സൗകര്യം കോളേജ് ലോഗിനിൽ ലഭ്യമായിരിക്കും. അതത് കോളേജുകളിലെ സാഹചര്യമനുസരിച്ച് വിദ്യാർത്ഥികളെ ബന്ധപ്പെട്ട ശേഷം പ്രവേശനത്തിനായി ഹാജരാകേണ്ട സമയം നിർദേശിക്കേണ്ടതാണ്. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച് കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമായും സ്ഥിരം അഡ്മിഷൻ നൽകേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച മാൻഡേറ്ററി ഫീസ് അടച്ച് ഹയർ ഓപ് ഷൻ നിലനിർത്തിയിരിക്കുന്ന വിദ്യാർഥികൾ കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥികൾക്ക് നിർബന്ധമായും താത് കാലിക അഡ്മിഷൻ നൽകേണ്ടതാണ്.

3. ഓൺലൈൻ മാർഗത്തിലൂടെ പ്രവേശനം ആവശ്യപ്പെടുന്ന വിദ്യാർത്ഥികളുടെ പ്രവേശനത്തിന് അനിവാര്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കോളേജുകൾക്ക് അനുയോജ്യമായ മാർഗം (ഇമെയിൽ ഉൾപ്പെടെ) സ്വീകരിക്കാവുന്നതാണ്. ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് യുക്തമാർഗ്ഗേന നിശ്ചിത തിയതിക്കുള്ളിൽ കോളേജിൽ ഹാജരാക്കാൻ നിർദേശിക്കേണ്ടതാണ്. പ്രവേശനത്തിനായി ഓൺലൈൻ രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർഥികൾക്ക് ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ അവർ ബന്ധപ്പെടുന്ന മുറയ്ക്ക് കോളേജ് അധികൃതർ നൽകേണ്ടതാണ്.

4 . **അഡ്മിറ്റ് കാർഡ്:** ഒന്നാമത്തെ ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളും, ലഭിച്ച അല്ലോട് മെന്റിൽ തൃപ്തരായി ഹയർ ഓപ്ഷനുകൾ മുഴുവൻ റദ്ദ് ചെയ്ത വിദ്യാർത്ഥികളും നിർബന്ധമായും സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ ഘട്ടത്തിൽ അഡ്മിറ്റ് കാർഡ് ലഭിക്കുകയുള്ളൂ.

5 . **അലോട്ട്മെന്റ് കാർഡ്** : അലോട്ട്മെന്റ് ലഭിച്ച മാൻഡേറ്ററി ഫീസ് അടച്ച് ഹയർ ഓപ് ഷൻ നിലനിർത്തിയിരിക്കുന്ന വിദ്യാർഥികൾക്ക് താത് കാലിക അഡ്മിഷൻ എടുക്കുന്നതിന് അലോട്ട്മെന്റ് കാർഡായിരിക്കും ലഭിക്കുക.

6. **സ്ഥിരം അഡ്മിഷൻ**

ഒന്നാമത്തെ ഓപ് ഷനിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോളേജുകളിൽ അഡ്മിറ്റ് കാർഡിൽ

പ്രതിപാദിച്ചിട്ടുള്ള രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യുന്ന പക്ഷം സ്ഥിരം അഡ്മിഷൻ നൽകണം. സ്ഥിരം അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച ശേഷം ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഒഴികെയുള്ള സർട്ടിഫിക്കേറ്റുകൾ അഡ്മിഷൻ തീയതിയിൽ തന്നെ തിരികെ നൽകേണ്ടതാണ്. ഇത്തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്ക് പരിശോധിക്കുകയും പ്രിന്റൗട്ടിൽ രേഖപ്പെടുത്തിയത് ശരിയാണെന്നു ഉറപ്പാക്കേണ്ടതുമാണ്.

**7. താത്കാലിക അഡ്മിഷൻ**

രണ്ടാമത്തെ അലോട്ട്മെന്റിന് ശേഷം അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷനുകൾക്കായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ അലോട്ട്മെന്റ് കാർഡിൽ പ്രതിപാദിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായാൽ താൽക്കാലിക അഡ്മിഷൻ നൽകണം. താത്ക്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും യാതൊരു വിധ ഫീസും ഒറിജിനൽ സർട്ടിഫിക്കറ്റുകളും, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഉൾപ്പെടേ, വാങ്ങരുത്. എന്നാൽ ഇത്തരത്തിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകളും ഇൻഡക്സ് മാർക്കും പരിശോധിക്കേണ്ടതാണ്. ഇതോടൊപ്പം കൊടുത്തിട്ടുള്ള ഫാറം അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും അലോട്ട്മെന്റ് കാർഡിനോടൊപ്പം പൂരിപ്പിച്ച് വാങ്ങിക്കേണ്ടതാണ്.

8. യോഗ്യത സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ.

i. ഓരോ അല്ലോട് മെന്റുകൾക്കുമുള്ള പ്രവേശന തിയതിക്ക് ശേഷം 10 ദിവസം വരെ വിദ്യാർത്ഥികൾക്ക് സമയം അനുവദിക്കാം.

ii. അഡ്മിഷൻ ഷെഡ്യൂൾ പ്രകാരമുള്ള അവസാന പ്രവേശന തിയതിക്ക് 15 ദിവസം മുൻപ് വരെ സമയം അനുവദിക്കാം.
മേൽപ്പറഞ്ഞ തീയതികളിൽ ഏതാണോ ആദ്യം വരുന്നത്, പ്രസ്തുത തിയതി വരെയാണ് വിദ്യാർത്ഥികൾക്ക് സമയം അനുവദിക്കേണ്ടത്.

iii. അഡ്മിഷൻ ഷെഡ്യൂൾ പ്രകാരമുള്ള അവസാന പ്രവേശന തിയതിക്ക് 15 ദിവസം മുൻപ് മുതൽ അവസാന പ്രവേശന തിയതി വരെ പ്രവേശനത്തിന് ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ഹാജരാക്കുന്നതിന് അധിക സമയം അനുവദിക്കേണ്ടതില്ല.

9. സർവ്വകലാശാലയ്ക്ക് കീഴിൽ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് 12.03.2022 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ 6668/2022/Admn പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ/പ്രമാണങ്ങൾ അംഗീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

10. Kerala State Arts Festival, NSS, NCC (75% അറ്റൻഡൻസ് ലഭിച്ച സർട്ടിഫിക്കറ്റ്), SPC, Nanmamudra/Rajyapursaskar എന്നിവയിൽ +2 തലയത്തിൽ സർട്ടിഫിക്കറ്റുള്ളവർക്ക് മാത്രമേ വെയിറ്റേജ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രസ്തുത വെയിറ്റേജ് ആവശ്യപ്പെടുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് ഹയർ സെക്കൻഡറി തലത്തിൽ ലഭിച്ചതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. NCC- A, B, C സർട്ടിഫിക്കറ്റുകൾക്കുള്ള വെയിറ്റേജ് മാർക്ക്, സർട്ടിഫിക്കറ്റ് +2 തലത്തിൽ അല്ലെങ്കിലും അനുവദിനീയമാണ്. വെയിറ്റേജ് മാർക്കുമായി ബന്ധപ്പെട്ട കൂടുതൽ നിർദേശങ്ങൾക്ക് പ്രോസ്പെക്ടസ് ഖണ്ഡിക 13 കാണുക.

11. പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള നാല് ലക്ഷമോ അതിൽ താഴേയോ വരുമാനം കാണിക്കുന്ന Appendix VII പ്രകാരമുള്ള സർട്ടിഫിക്കറ്റോ, Appendix VIII പ്രകാരമുള്ള സർട്ടിഫിക്കറ്റോ ഹാജരാക്കുന്നവർക്ക് മാത്രമേ EWS സംവരണത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

12. ബിരുദ കോഴ്സുകളുടെ ഫീസ് റീഫണ്ടിന് ആധാരമാക്കേണ്ട അവസാന തിയതിയായി, ക്ലാസ് തുടങ്ങി 60-)o ദിവസമാണ് പരിഗണിക്കേണ്ടത് .

13. 02.04.2022 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ. 8095/2022/Admn പ്രകാരം അതാത് കോളേജുകളിൽ അഫിലിയേഷൻ ലഭിച്ചിരിക്കുന്ന മുഴുവൻ കോഴ്സുകളുടെയും ഫീസ് ഘടന പ്രവേശനത്തിന് ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് വ്യക്തമായി കാണുന്ന രീതിയിൽ പോസ്റ്റർ മാതൃകയിൽ കോളേജുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്. വിശദമായ ഫീസ് ഘടന ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

14. പ്രവേശന സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഫീസ് (മാന്റേറ്ററി ഫീസ് ഉൾപ്പെടെ) സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ: കൂടുതൽ വിവരങ്ങൾക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത ഫീസ് ഘടന ശ്രദ്ധിക്കുക.

14.i. സർവ്വകലാശാല ഉത്തരവ് നമ്പർ 520/2019/admn, dated 14.01.2019 പ്രകാരം ഫീസ് ഘടനയിൽ സൂചിപ്പിച്ചതല്ലാതെ മറ്റൊരു ഫീസും വിദ്യാർത്ഥികളിൽ നിന്നും കോളേജുകൾ ഈടാക്കാൻ പാടുള്ളതല്ല. ഈടാക്കുന്ന ഫീസ് ഇനങ്ങളും തുകയും ഫീസ് രശീതിയിൽ നിർബന്ധമായും സൂചിപ്പിക്കേണ്ടതാണ്.

14.ii. മെട്രിക്കുലേഷൻ ഫീസ് (₹.125/-) എസ്.സി./എസ്.ടി./ ഒ.ഇ.സി/ ഒ.ഇ.സി.ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും, യൂണിവേഴ്സിറ്റി യൂണിയൻ ഫീ (₹.90/-), സ്പോർട് സ് അഫിലിയേഷൻ ഫീസ് (₹.295/-), മെട്രിക്കുലേഷൻ ഫീസ് (₹.125/-) എന്നിവ മറ്റു വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും മാന്റേറ്ററി ഫീസായി യൂണിവേഴ്സിറ്റിയിൽ സ്വീകരിച്ചിട്ടുള്ളതിനാൽ അഡ്മിഷൻ സമയത്ത് പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും മേൽ ഇനം ഫീസുകൾ ഈടാക്കാൻ പാടുള്ളതല്ല.

14. iii. ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹരായ എസ്.സി./എസ്.ടി, ഒ.ഇ.സി/ ഒ.ഇ.സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷൻ ഫീസ് ഒഴികെയുള്ള മാന്റേറ്ററി ഫീസ് ഇനങ്ങൾ (യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് & സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് എന്നിവ) ഇ-ഗ്രാന്റ്സ് മുഖേന സർക്കാരിൽ നിന്നും ലഭ്യമാക്കി അതത് ഹെഡ്ഡിൽ സർവ്വകലാശാല ഫണ്ടിൽ അടവാക്കേണ്ടതാണ്.

14.iv. ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹത ഇല്ലാത്ത വിദ്യാർത്ഥികളിൽ നിന്നും യൂണിവേഴ്സിറ്റി യൂണിയൻ ഫീസ്, സ്പോർട് സ് അഫിലിയേഷൻ ഫീസ് എന്നിവ പ്രവേശന സമയത്ത് തന്നെ ശേഖരിച്ച് അതാത് ഹെഡ്ഡിൽ സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

14.v. 26.02.2020 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ.2593/2020/admn പ്രകാരം ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹരായ ഒ.ഇ.സി/ ഒ.ഇ.സി.-ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും യാതൊരുവിധ ഫീസും മുൻകൂറായി ഈടാക്കുവാൻ പാടുള്ളതല്ല.

Arsad M
ഡെപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്

:-

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / സർവക ലാശാലാ പഠനവകുപ്പ് / സെന്ററുകൾ
2. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ

## TEMPORARY ADMISSION

**APPLICATION (College Copy)**

| Sl. No. | Name | CAP ID | Reg No. | Phone No. | E-mail ID | Remarks |
|---|---|---|---|---|---|---|
| | | | | | | |

College and course to which Admitted

| Sl. No. | College | Course | Allotment Number (1,2,3) |
|---|---|---|---|
| | | | |

**Declaration**

I hereby declare that I am reporting for admission on temporary basis to ...................... (course) ........................................................................................ (college) and will join the new course or college on receipt of allotment to my higher options.

**Signature of Applicant**

**Place :**

**Dated :**

**Counter Signed by the Parent**

**Declaration**

The candidate is admitted temporarily without collecting any fee upon the request of the candidate as his/her higher options prevails. He/she will be relieved from the college on receipt of allotment to his/her higher options without imposing any further fee. I have personally ensured that the students details has been uploaded in the admission link.

**Place:**

**Date**: **(Office Seal)**

**Principal**

---------------------------------------------------------- Detach here ------------------------------------------------------

**APPLICATION (Student Copy)**

| Sl. No | Name | CAP ID | Reg No. | Phone No. | E-mail ID | Remarks |
|---|---|---|---|---|---|---|
| | | | | | | |

College and course to which Admitted

| Sl. No | College | Course | Allotment Number (1,2,3) |
|---|---|---|---|
| | | | |

**Declaration**

The candidate is admitted temporarily without collecting any fee upon the request of the candidate as his/her higher options prevails. He/she will be relieved from the college on receipt of allotment to his/her higher options without imposing any further fee. I have personally ensured that the students details has been uploaded in the admission link.

**Place:**

**Date:** **(Office Seal)** **Principal**

# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

ഫോൺ : 0494-2407152,
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ., മലപ്പുറം -673635.


**No. 160799/DOA-ASST-7/2021/Admn** തീയതി: **29.05.2023**

## 2023-2024 അദ്ധ്യയന വർഷം ബിരുദ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ട്യൂഷൻ ഫീസ്/സ്പെഷ്യൽ ഫീസ് എന്നിവയുടെ ഫീസ് ഘടന.

### അനുബന്ധം 1

### Fee Structure for UG Courses in Govt/Aided Colleges

സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി ഫീസ് ഇനത്തിലും തുകയിലും മാറ്റം വരാവുന്നതാണ്

- യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്സ് അഫിലിയേഷൻ ഫീ, മെട്രിക്കുലേഷൻ ഫീ എന്നിവ ജനറൽ വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും, മെട്രിക്കുലേഷൻ ഫീ എസ്.സി./എസ്.ടി. വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും മാന്റേറ്ററി ഫീയായി യൂണിവേഴ്സിറ്റിയിൽ സ്വീകരിച്ചിട്ടുള്ളതിനാൽ അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ (എസ്.സി./എസ്.ടി. ഉൾപ്പെടെ) നിന്നും പ്രസ്തുത ഫീസുകൾ ഈടാക്കാൻ പാടുള്ളതല്ല.
- എസ്.സി./എസ്.ടി, ഓ .ഇ .സി., ഓ .ഇ .സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷൻ ഫീസ് ഒഴികെയുള്ള മാന്റേറ്ററി ഫീസ് ഇനങ്ങൾ **(**യൂണിവേഴ്സിറ്റി യൂണിയൻ ഫീ **&** സ്പോർട്ട്സ് അഫിലിയേഷൻ ഫീ എന്നിവ**)** ഇ-ഗ്രാന്റ്സ് മുഖേന സർക്കാരിൽ നിന്നും ലഭ്യമാക്കി അതാത് ഹെഡ്ഡിൽ സർവ്വകലാശാല ഫണ്ടിൽ അടവാക്കേണ്ടതാണ്**.**
- **26-02-2020** തീയതിയിലെ സ. ഉ. ന **2593/2020/admn** പ്രകാരം ഒ. ഇ. സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഒ. ഇ. സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും യാതൊരുവിധ ഫീസും മുൻകൂറായി ഈടാക്കുവാൻ പാടുള്ളതല്ല**.**

| Sl No | Particulars | BA/B.Sc/B.Com (except electronics, Computer Science and Biotechnology) | B.Sc. Electronics, Computer Science and Biotechnology |
|---|---|---|---|
| 1 | Admission fee | | 80/- |
| 2. | Caution Money | | 360 |
| 3 | Tuition fee | 1,050/- per annum | 3,150/- per Annum |
| 4 | Library Fee | | 105 |
| 5 | Stationery Fee | | 55 |
| 6 | Magazine Fee | | 55 |
| 7 | Association Fee | | 55 |
| 8 | Athletic Fee | | 105 |
| 9 | Calendar Fee | | 35 |
| 10 | University Union fee | | 90 |
| 11 | Sports affiliation fee | | 295 |
| 12 | Matriculation fee | | 125 |
| 13 | Medical Inspection fee | | 10 |
| 14 | Women Study | | 10 |
| 15 | Student Aid Fund | | 10 |
| 16 | Audio Visual | | 30 |
| 17 | Group Personal Accident Insurance Scheme | | 5 |
| 18 | College Union fee **1*** | | 125 |

| | | |
|---|---|---|
| | | |
| 19 | Scout [2*] | 10 |
| 20 | Women cell fee [3*] | 65 |

| **Lab Fee** | **Amount** |
|---|---|
| 1. B.Sc. Botany & Zoology | Rs.580/- |
| 2. B.Sc. Physics, Geology, Chemistry & Geography | Rs.420/- |

1) ഉത്തരവ് നമ്പർ. കെ 2/64889/2019/ കോ. വി. വ. തീയതി 22.10.2019.
2) ഉത്തരവ് നമ്പർ. കെ 2/64889/19/ കോ. വി. വ. തീയതി 01.11.2019.
3) U.O.No. 8564/2023/Admn dtd.28.05.2023
4) U.O.No. 948/2023/PB dtd.31.05.2023

## അനുബന്ധം. 2

## Fee Structure for Self Financing UG Courses in Aided/Self Financing Arts & Science Colleges

സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി ഫീസ് ഇനത്തിലും തുകയിലും മാറ്റം വരാവുന്നതാണ്

- യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്സ് അഫിലിയേഷൻ ഫീ, മെട്രിക്കുലേഷൻ ഫീ എന്നിവ ജനറൽ വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും, മെട്രിക്കുലേഷൻ ഫീ എസ്.സി./എസ്.ടി. വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും മാന്റേറ്ററി ഫീയായി യൂണിവേഴ്സിറ്റിയിൽ സ്വീകരിച്ചിട്ടുള്ളതിനാൽ അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ (എസ്.സി./എസ്.ടി. ഉൾപ്പെടെ) നിന്നും പ്രസ്തുത ഫീസുകൾ ഈടാക്കാൻ പാടുള്ളതല്ല.
- സ്വാശ്രയ കോളേജുകളിലെ എസ്.സി./എസ്.ടി. , ഓ .ഇ .സി. , ഓ .ഇ .സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീ കൺസഷൻ ഇല്ലാത്തതിനാൽ മാൻഡേറ്ററി ഫീ ആയി അടവാക്കുന്ന മെട്രിക്കുലേഷൻ ഫീ ഒഴികെ മറ്റു ഫീസുകൾ, കോളേജ് പ്രവേശന സമയത്ത് അടവാക്കേണ്ടതാണ്.
- എസ്.സി./എസ്.ടി. , ഓ .ഇ .സി. , ഓ .ഇ .സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിക്കുന്ന യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്സ് അഫിലിയേഷൻ ഫീ എന്നിവ കോളേജുകൾ അതാത് ഹെഡ്ഡിൽ സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## Tuition Fee

| Sl No | Name of Course | Fee Per Semester (Rs.) |
|---|---|---|
| **1** | B.Com, BBA, BA, BSW etc | 9,000/- |
| **2** | B.Sc. Maths, Physics, Chemistry, Botany, Zoology, Home Science, Geology,Psychology, Geography (courses with practicals) & Travel & Tourism, Functional Languages, B.Com. CA,B.Sc. Zoology and Industrial Microbiology (Double Main), B.A Audiography & Digital Editing ,B.Sc. Bioinformatics | 11,250/- |
| **3** | BCA, BSc. Computer Science, Electronics, IT & All Applied Courses like Health Science, Agriculture, Enviornmental studies/Science, BMMC, BA Mass Communication etc. | 18,750/- |
| **4** | B.Sc. Microbiology, Biotechnology, Bio Chemistry Fashion/Food Technology,Interior Decoration, B.Sc. Culinary Arts & Catering Technology etc | 19,500/- |
| **5** | B.A. Multimedia, B.A. Visual Arts (Interior Design), B.Sc. Visual Communication, B.A. Animation & Visual Effects | 24,000/- |
| **6** | B.B.M, BVoc | 6,000/- |
| **7** | B.L.I.Sc | 15,000/- |
| **8** | B.Sc. Genetics | 19,500/- |
| **9** | Bachelor of Tourism and Hotel Managemant (BTHM) | 11,250/- |

## Special Fee

| Sl No. | particulars | Amount |
|---|---|---|
| 1. | University Union fee | 90 |
| 2. | Sports affiliation fee | 295 |
| 3. | Matriculation fee | 125 |

| | | |
|---|---|---|
| 4. | College Union Fee [1*] | 125 |
| 5. | Women cell Fee [3*] | 65 |

1) G.O (Ms.) No. 209/2013/H.Edn dtd. 29.05.2013
2) G.O (Ms.) No. 147/2015/H.Edn dtd. 27.04.2015
3) U.O.No. 4958/2019/Admn dtd.03.04.2019
4) U.O.No. 1080/2023/Admn dtd.20.01.2023
5) U.O.No. 8564/2023/Admn dtd.28.05.2023
6) U.O.No. 948/2023/PB dtd.31.05.2023

## അനുബന്ധം. 3

### Fee Structure for Self Financing UG Courses in College of Applied Science, managed by IHRD

സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി ഫീസ് ഇനത്തിലും തുകയിലും മാറ്റം വരാവുന്നതാണ്

- യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്സ് അഫിലിയേഷൻ ഫീ, മെട്രിക്കുലേഷൻ ഫീ എന്നിവ ജനറൽ വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും, മെട്രിക്കുലേഷൻ ഫീ എസ്.സി./എസ്.ടി. വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും മാന്റേറ്ററി ഫീയായി യൂണിവേഴ്സിറ്റിയിൽ സ്വീകരിച്ചിട്ടുള്ളതിനാൽ അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ (എസ്.സി./എസ്.ടി. ഉൾപ്പെടെ) നിന്നും പ്രസ്തുത ഫീസുകൾ ഈടാക്കാൻ പാടുള്ളതല്ല.
- എസ്.സി./എസ്.ടി. , ഓ .ഇ .സി. , ഓ .ഇ .സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷൻ ഫീസ് ഒഴികെയുള്ള മാൻഡേറ്ററി ഫീസ് ഇനങ്ങൾ (യൂണിവേഴ്സിറ്റി യൂണിയൻ ഫീ , സ്പോർട്ട്സ് അഫിലിയേഷൻ ഫീ എന്നിവ) ഇ-ഗ്രാന്റ്സ് മുഖേന സർക്കാരിൽ നിന്നും ലഭ്യമാക്കി അതാത് ഹെഡ്ഡിൽ സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.
- **26-02-2020** തീയതിയിലെ സ. ഉ. ന **2593/2020/admn** പ്രകാരം ഒ. ഇ. സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഒ. ഇ. സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും യാതൊരുവിധ ഫീസും മുൻകൂറായി ഈടാക്കുവാൻ പാടുള്ളതല്ല.

| Sl No | Particulars | B.Sc/B.C.A | B.Com | B.B.A/B.A |
|---|---|---|---|---|
| 1 | Tuition fee per Semester (Rs.) | 17,270/- | 13,035/- | 8,470/- |
| 3 | Admission fee (Rs.) | | | 330/- |
| 4. | Caution deposit (refundable) (Rs.) | | | 1,000/- |

1) G.O. (Ms) No. 345 /2022/HEDN dtd.15.07.2022
2) U.O.No. 14865/2022/Admn dtd.01.08.2022

## Special Fee

| Sl No. | particulars | Amount |
|---|---|---|
| 1. | University Union fee | 90 |
| 2. | Sports affiliation fee | 295 |
| 3. | Matriculation fee | 125 |
| 4. | College Union Fee [1*] | 125 |
| 5. | Women cell fee [3*] | 65 |

1) U.O.No. 8564/2023/Admn dtd.28.05.2023
2) U.O.No. 948/2023/PB dtd.31.05.2023

## അനുബന്ധം. 4

## Fee Structure for BTA Course in University Dept.( JMC ARANATTUKARA, Thrissur)

സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി ഫീസ് ഇനത്തിലും തുകയിലും മാറ്റം വരാവുന്നതാണ്

- യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്സ് അഫിലിയേഷൻ ഫീ, മെട്രിക്കുലേഷൻ ഫീ എന്നിവ ജനറൽ വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും, മെട്രിക്കുലേഷൻ ഫീ എസ്.സി./എസ്.ടി. വിഭാഗം ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളിൽ നിന്നും മാന്റേറ്ററി ഫീയായി യൂണിവേഴ്സിറ്റിയിൽ സ്വീകരിച്ചിട്ടുള്ളതിനാൽ അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ (എസ്.സി./എസ്.ടി. ഉൾപ്പെടെ) നിന്നും പ്രസ്തുത ഫീസുകൾ ഈടാക്കാൻ പാടുള്ളതല്ല.
- എസ്.സി./എസ്.ടി. , ഒ .ഇ .സി. , ഒ .ഇ .സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷൻ ഫീസ് ഒഴികെയുള്ള മാൻഡേറ്ററി ഫീസ് ഇനങ്ങൾ (യൂണിവേഴ്സിറ്റി യൂണിയൻ ഫീ , സ്പോർട്ട്സ് അഫിലിയേഷൻ ഫീ എന്നിവ) സെന്ററുകൾ അതാത് ഹെഡ്ഡിൽ സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.
- **26–02–2020** തീയതിയിലെ സ. ഉ. ന **2593/2020/admn** പ്രകാരം ഒ. ഇ. സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഒ. ഇ. സി. ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും യാതൊരുവിധ ഫീസും മുൻകൂറായി ഈടാക്കുവാൻ പാടുള്ളതല്ല.

| Sl No | Fee Items | Amount |
|---|---|---|
| 1 | Admission fee | 180 |
| 2 | Tution Fee | 1,165/- per annum |
| 3 | Library Fee | 125 |
| 4 | Stationery Fee | 65 |
| 5 | Magazine Fee | 125 |
| 6 | Association Fee | 65 |
| 7 | Athletic Fee | 125 |
| 8 | Calendar Fee | 45 |
| 9 | Audio Visual Fee | 40 |
| 10 | Medical Inspection Fee | 25 |
| 11 | Student aid fund Fee | 20 |
| 12 | Women Cell fee **3*** | 65 |
| 13 | University Union Fee | 90 |
| 14 | Sports Affiliation Fee | 295 |
| 15 | Matriculation fee | 125 |
| 16 | Quasi university Fee | 30 |
| 17 | Departmental Union Fee | 125 |
| 18 | Caution Deposit | 585 |

1) U.O.No. 8564/2023/Admn dtd.28.05.2023
2) U.O.No. 948/2023/PB dtd.31.05.2023

## Fee Structure for UG Courses in University Self Financing Centres

സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി ഫീസ് ഇനത്തിലും തുകയിലും മാറ്റം വരാവുന്നതാണ്

| Sl No | Name of Course | Fee Structure(Rs.) | |
|---|---|---|---|
| 1 | Centre for Computer Science & Information Technology | | |
| | BSc (IT) | Admission fee | 5,775/- |
| | | Tution Fee | 13,860 per sem |
| | | Caution deposit | 1,050/- |
| 2 | Centre for Costume and Fashion Designing | | |
| | BSc (C&FD) | Admission fee | 5,775/- |
| | | Tution Fee | 23,100 per sem |
| | | Caution deposit | 2,100/- |
| | BSc (C&FD) NRI | Admission fee | $290 |
| | | Tution Fee | $580 per sem |
| 3 | Centre for Physical Education | | |
| | BPEd | Admission fee | 5,775/- |
| | | Tution Fee | 17,325/- per sem |
| | | Caution deposit | 265/- |
| 4 | Bachelor in Computer Application | Admission fee | 5,775/- |
| | | Tution Fee | 13,860/- per Sem |
| | | Caution deposit | 1,050/- |
| 5 | Bachelor of Social Work | Admission fee | 5,775/- |
| | | Tution Fee | Rs.8,610/- per Sem |
| | | Caution deposit | 1050/- |

**Special Fee**

| Sl No | Fee Items | Amount |
|---|---|---|
| 1. | Library Fee | 125 |
| 2. | Stationery Fee | 65 |
| 3. | Magazine Fee | 125 |
| 4. | Association Fee | 65 |
| 5. | Athletic Fee | 125 |
| 6. | Calendar Fee | 45 |
| 7. | Audio Visual Fee | 40 |
| 8. | Medical Inspection Fee | 25 |
| 9. | Student aid fund Fee | 20 |
| 10. | Women cell fee [3*] | 65 |
| 11. | University Union Fee | 90 |
| 12. | Sports Affiliation Fee | 295 |
| 13. | Matriculation fee | 125 |
| 14. | Quasi university Fee | 30 |
| 15. | Student welfare Fund | 240 |
| **Total** | | **1480/-** |

1) U.O.No. 7038/2019/Admn dtd.29.05.2019
2) U.O.No. 5173/2019/Admn dtd. 09.04.2019
3) U.O.No. 14925/2022/Admn dtd.02.08.2022
4) U.O.No. 8564/2023/Admn dtd.28.05.2023
5) U.O.No. 948/2023/PB dtd.31.05.2023
6) U.O.No. 8799/2023/Admn dtd.31.05.2023

**1* കോളേജ് യൂണിയൻ ഫീ (സർവ്വകലാശാല ഉത്തരവ് നമ്പർ 4377/2019/Admn dated 25.03.2019) ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് വെൽഫെയറുമായി ബന്ധപ്പെടേണ്ടതാണ്.**
**2* സ്കൗട്ട്/ഗൈഡ് പ്രവർത്തിക്കുന്ന കോളേജുകൾക്ക് മാത്രമേ സ്കൗട്ട് ഫീ വാങ്ങിക്കാനുള്ള അനുവാദമുള്ളൂ.**
**3*വുമൺ സെൽ ഫീസ് (സർവ്വകലാശാല ഉത്തരവ് നമ്പർ 7760/2019/Admn dated 14.06.2019) ഇനത്തിൽ സ്വീകരിക്കുന്ന തുക കോളേജുകളിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.**

## Refund of Fees:.

**If a student chooses to withdraw from the program of study in which he/she is enrolled, the institution concerned shall follow the following four-tier system for the refund of fees remitted by the student. UO.No. 11428/2018/Admn Dated,29.09.2018**

| Sl No. | Percentage of Refund of Aggregate fees* | Point of time when notice of withdrawal of admission is served to HEI (Higher Education Institution) |
|---|---|---|
| 1. | 100% | 15 days before the formally-notified last date of admission |
| 2. | 80% | Less than 15 days before and not more than 15 days after the formally-notified last date of admission |
| 3. | 50% | More than 15 days but less than 30 days after formally-notified last date of admission |
| 4. | 00% | More than 30 days after formally- notified last date of admission |

*(Inclusive of course fees and non-tuition fees but exclusive of caution money and security deposit)

- In case of (1) in the table above, the HEI concerned shall deduct an amount not more than 10% of the aggregate fees as processing charges from the refundable amount.
- Fees shall be refunded by all HEIs to an eligible student within fifteen days from the date of receiving a written application from him/her in this regard.

**26.07.2021 തീയതിയിൽ പുറപ്പെടുവിച്ച U.O.No. 7264/2021/Admn സർവകലാശാല ഉത്തരവ് പ്രകാരം, ബിരുദ കോഴ്സുകളുടെ ഫീസ് റീഫണ്ടിന് പരിഗണിക്കുന്ന അവസാന തീയതിയായി, ക്ലാസ് തുടങ്ങി 60 –ാം ദിവസമാണ് പരിഗണിക്കുക.**

File Ref.No.65820/AD-K-ASST-3/2016/Admn

## UNIVERSITY OF CALICUT

**Abstract**

സർക്കാർ ഉത്തരവ് നാകപ്പാക്കൽ - പൊതുജനങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള സ.ഉ.(അച്ചടി ) നം.1/ 2021/പി ഐ ഇ & എം ഡി തിയതി 07.10.2021 സർക്കാർ ഉത്തരവുമായി ബന്ധപ്പെട്ട സിണ്ടിക്കേറ്റ് തീരുമാനം ഐറ്റം നം.2022.113* നടപ്പിലാക്കി ഉത്തരവാകുന്നു.

---

**Ad.-K**

U.O.No. 6668/2022/Admn Dated, Calicut University.P.O, 12.03.2022

---

*Read:*-1. സ.ഉ.(അച്ചടി ) നം.1/ 2021/പി ഐ ഇ & എം ഡി തിയതി 07.10.2021

2. 08.02.2022 ലെ ഫിനാൻസ് സ്ഥിരം സമിതി തീരുമാനം

3.15.02.2022 ലെ സിണ്ടിക്കേറ്റ് തീരുമാനം ഐറ്റം നം 2022.113*

4.26.02.2022 തിയതിയിലെ ഇതേ നമ്പർ ഫയലിലുള്ള വൈസ് ചാൻസിലരുടെ ഉത്തരവ് .

**ORDER**

സൂചന (1) പ്രകാരം പൊതുജനങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകൾ / സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത സർക്കാർ ഉത്താരവ് പ്രകാരം, സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽനിന്നും ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകളെ സംബന്ധിച്ചും, ഗസറ്റഡ് ഉദ്യോഗസ്ഥർ / നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുണ്ട്.

വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ / സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതി എന്ന് നിഷ്കർഷിക്കുന്നതോടൊപ്പം, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡൻസ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സെർട്ടിഫിക്കറ്റ്, One and Same Certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്ര വിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ എന്നിവ ലഭിക്കുന്നതിനും അവ വിവിധ ആവശ്യങ്ങൾക്കായി ഹാജരാക്കുന്നതിനും പൗരന്മാർക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 [ഇനം നമ്പർ (ii)] പ്രകാരം "പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽ നിന്നും അപേക്ഷാഫീസ് ആയി ഈടാക്കുന്നുണ്ട്. ആയതിനാൽ പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കുന്നു. എന്നാൽ ബിസിനസിനും വാണിജ്യത്തിനും അപേക്ഷാ ഫീസ് ഈടാക്കുന്നത് നിലവിലെ രീതിയിൽ തുടരുന്നതാണ്"എന്നും വ്യവസ്ഥ ചെയ്യുന്നു.

മേൽ പറഞ്ഞ സർക്കാർ ഉത്തരവ് യൂണിവേഴ്സിറ്റിയിൽ നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ റിമാർക്സോടെ സിണ്ടിക്കേറ്റിൻറെ പരിഗണക്ക് സമർപ്പിക്കുകയുണ്ടായി . 30.12.2021ന് ചേർന്ന സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം ഇനം നമ്പർ 2021.1241* ആയി പരിഗണിക്കുകയും, **07.10.2021**

**തീയ്യതിയിലെ സ.ഉ.(അച്ചടി)നം.1/2021/പി.ഐ.ഇ & എം.ഡി** നമ്പറിലുള്ള സർക്കാർ ഉത്തരവ് യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കുന്ന വിഷയം വിശദ പഠനത്തിനായി ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു .

സൂചന 2 പ്രകാരം, ഫിനാൻസ് സ്ഥിരം സമിതി, പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും,സർവ്വകലാശാല വിവിധ ആവശ്യങ്ങൾക്കായി കാലാകാലങ്ങളായി ഈടാക്കിവരുന്ന വിവിധ ഫീസുകൾ പൊതുസേവന വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ, പ്രസ്തുത ഫീസുകൾക്ക് മേൽ സർക്കാർ ഉത്തരവ് ബാധകമാക്കേണ്ടതില്ല എന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. പ്രസ്തുത ശിപാർശ 15.02.2022 തീയ്യതിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ഐറ്റം നമ്പർ 2022.113* ആയി അംഗീകരിക്കുകയും താഴെ പറയുംപ്രകാരം തീരുമാനം കൈകൊള്ളുകയുമുണ്ടായി :

**(1) സർവ്വകലാശാലക്ക് കീഴിൽ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് GO (P) No.1/2021/PIE & MD തിയതി.07.10.2021 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് / പ്രമാണങ്ങൾ അംഗീകരിക്കുവാൻ തീരുമാനിച്ചു .**

**(ii)സർവ്വകലാശാല വിവിധ ആവശ്യങ്ങൾക്കായി കാലാകാലങ്ങളായി ഈടാക്കി വരുന്ന വിവിധ ഫീസുകൾ പൊതു സേവന വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ, പ്രസ്തുത ഫീസുകൾക്ക് മേൽ ഉത്തരവ് ബാധകമാക്കേണ്ടതില്ല എന്നും തീരുമാനിച്ചു.**

പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ സൂചന 4 പ്രകാരം ഉത്തരവാവാക്കിയിട്ടുള്ളതിനാൽ, സർക്കാർ ഉത്തരവ് **സ.ഉ.(അച്ചടി)നം.1/2021/പി.ഐ.ഇ & എം.ഡി, തിയതി.07.10.2021** സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട 15.02.2022 തീയ്യയിലെ **ഇനം നമ്പർ 2022.113* സിൻഡിക്കേറ്റ് തീരുമാനം** ഈ സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Shihabudheen P. P.

Assistant Registrar

To

1.എല്ലാ പഠന വിഭാഗ മേധാവികൾക്കും / എല്ലാ ശാഖാ മേധാവികൾക്കും

2.ഡി ആർ , പി എൽ ഡി

Copy to : PS to VC / PA to PVC / PA to Registrar / PA to C.E / PA to F.O / Syndicate Section / SUVEGA/Stock File.

Forwarded / By Order

Section Officer

File No.PIEM 3/21/2021-PIEMD

Revenue Friends

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്-പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ / സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

G.O.(P) No.1/2021/PIE&MD തീയതി,തിരുവനന്തപുരം, 07/10/2021

---

<u>ഉത്തരവ്</u>

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്ക് പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് സർക്കാർ വകുപ്പുകൾ നിഷ്കർഷിച്ചിട്ടുണ്ട് . സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ്,സേവനം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കേരള സർക്കാർ നൽകുന്ന സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു .

i.വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/ നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ / സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

ii.പൗരൻമാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽ നിന്നും അപേക്ഷാ ഫീസ് ആയി ഈടാക്കുന്നുണ്ട്. ആയതിനാൽ പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരൻമാരെ ഒഴിവാക്കുന്നു. എന്നാൽ, ബിസിനസിനും വാണിജ്യത്തിനും അപേക്ഷാഫീസ് ഈടാക്കുന്നത് നിലവിലെ രീതിയിൽ തുടരുന്നതാണ്.

iii.വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി ഒന്നിലധികം പേജുകളിലുള്ള അപേക്ഷാ ഫോമിൽ

Scanned with CamScanner

വിശദാംശങ്ങൾ പൂരിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഇപ്പോൾ പൗരന്മാർ അഭിമുഖീകരിക്കുന്നു. പല അപേക്ഷാ ഫോമുകളിലെയും ഭാഷ സങ്കീർണ്ണമായതിനാൽ അപേക്ഷകർക്ക് മറ്റുള്ളവരിൽ നിന്ന് സഹായം തേടേണ്ടതായും വരുന്നു. മേൽ സാഹചര്യത്തിൽ പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാ ഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്തുന്നു.

iv.വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നല്കുന്ന ചില രേഖകൾ / സർട്ടിഫിക്കറ്റുകളിൽ ഒരു പ്രത്യേക ആവശ്യത്തിനു വേണ്ടിയാണ് ആയത് വിതരണം ചെയ്യുന്നതെന്ന് സൂചിപ്പിക്കാറുണ്ട്. ഇത്തരത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പലതും പല ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പല ആവശ്യങ്ങൾക്കായി ഒരേ സർട്ടിഫിക്കറ്റിന് തന്നെ നിരവധി തവണ അപേക്ഷിക്കേണ്ടതായി വരുന്നു. ഇത് ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. മേൽ സാഹചര്യത്തിൽ ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. [യുക്തി സഹമായ കാലയളവ് (ഏറ്റവും കുറഞ്ഞത് ഒരു വർഷം) ബന്ധപ്പെട്ട വകുപ്പുകൾക്ക് നിഷ്കർഷിക്കാവുന്നതാണ്]. സർട്ടിഫിക്കറ്റ് നല്കുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശ്യത്തിന് / ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല.

v.ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ / സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റു ചില സർട്ടിഫിക്കറ്റുകൾ / രേഖകൾ ഹാജരാക്കണമെന്ന് പല വകുപ്പുകളും നിർബന്ധം പിടിക്കാറുണ്ട്. ഈ നടപടിക്രമങ്ങൾ പൗരൻമാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അതുവഴി പൗരന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. ഇത് മറികടക്കാൻ ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ സേവനങ്ങൾ താഴെ പറയുന്ന രീതിയിൽ ലഘൂകരിക്കുന്നു. ടി സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. കൂടാതെ, നിലവിലുള്ള നിയമങ്ങളിലോ ചട്ടങ്ങളിലോ നിഷ്കർഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

**a. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്**

നിലവിൽ, വില്ലേജ് ഓഫീസറുടെ പക്കൽ താഴെ പറയുന്ന 6 രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കിയാലാണ് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്. താമസ സ്ഥലത്തിനുള്ള തെളിവ്, അഞ്ചുവർഷം തുടർച്ചയായി താമസിക്കുന്നതിന്റെ തെളിവ്, ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ പത്താം ക്ലാസ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, രക്ഷാകർത്താക്കളുടെ സ്കൂൾ സർട്ടിഫിക്കറ്റ്, അഡ്രസ്സിനുള്ള തെളിവായി വോട്ടർ കാർഡ്, പാസ്പോർട്ട്, റേഷൻ കാർഡ്, വൈദ്യുതി ബില്ല്, വാട്ടർ ബില്ല്, ടെലിഫോൺ ബില്ല്.

Scanned with CamScanner

shanavas

വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്ന നിബന്ധന ഒഴിവാക്കി കേരളത്തിൽ ജനിച്ചിട്ടുള്ള ആളുകൾക്ക് ജനന സർട്ടിഫിക്കറ്റോ 5 വർഷം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചതിന്റെ രേഖയോ, കൂടാതെ സത്യപ്രസ്താവനയും ഉണ്ടെങ്കിൽ നേറ്റീവ് ആയി പരിഗണിക്കാം. കേരളത്തിന് പുറത്ത് ജനിച്ചിട്ടുള്ള ആളുകൾക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നു. അപേക്ഷ ഓൺലൈനായി സ്വീകരിക്കേണ്ടതും, സ്വീകരിച്ച് അഞ്ച് പ്രവൃത്തി ദിവസത്തിനുള്ളിൽ തീരുമാനമെടുക്കേണ്ടതുമാണ്.

### b. റസിഡൻസ് സർട്ടിഫിക്കറ്റ്:

ആധാർ കാർഡോ, ഏറ്റവും പുതിയ ഇലക്ട്രിസിറ്റി ബിൽ, കുടിവെള്ള ബിൽ, ടെലിഫോൺ ബിൽ, കെട്ടിട നികുതി രസീത് എന്നിവയിലേതെങ്കിലും ഹാജരാക്കിയാൽ റസിഡൻസ് സർട്ടിഫിക്കറ്റിന് പകരമായി സ്വീകരിക്കാം. മേൽ രേഖകൾ ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്ന സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നു.

### c. മൈനോരിറ്റി സർട്ടിഫിക്കറ്റ്

നിലവിൽ വില്ലേജ് ഓഫീസർ / തഹസിൽദാർ എന്നിവരാണ് അഡ്മിഷൻ കാര്യങ്ങൾക്കായി ഈ സർട്ടിഫിക്കറ്റ് നൽകുന്നത്. അപേക്ഷകന്റെ എസ്.എസ്.എൽ.സി ബുക്ക് / വിദ്യാഭ്യാസ രേഖയിൽ മതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഈ സർട്ടിഫിക്കറ്റ് ആവശ്യമില്ല. അല്ലാത്തപക്ഷം, വില്ലേജ് ഓഫീസർ/ തഹസിൽദാർ ഓൺലൈനായോ അല്ലാതെയോ ലഭിക്കുന്ന അപേക്ഷ അഞ്ച് പ്രവൃത്തി ദിവസത്തിനുള്ളിൽ തീരുമാനമെടുക്കേണ്ടതാണ്. അപേക്ഷകൻ സത്യവാങ്മൂലം കൂടി സമർപ്പിക്കേണ്ടതാണ്.

### d. ലൈഫ് സർട്ടിഫിക്കറ്റ്

നിലവിൽ വില്ലേജ് ഓഫീസർ, തഹസിൽദാർ, ഗസറ്റഡ് ഓഫീസർ എന്നിവരാണ് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നത്. കിടപ്പുരോഗിയാണെങ്കിൽ വീട്ടിൽ പോയി സർട്ടിഫിക്കറ്റ് നൽകണമെന്നാണ് വ്യവസ്ഥ. റേഷൻ കാർഡ്, തിരിച്ചറിയൽ രേഖ എന്നിവ ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തെളിവായി ഹാജരാക്കേണ്ടതുണ്ട്.

ഇതിനു പകരം, കേന്ദ്ര സർക്കാർ പെൻഷൻകാർക്ക് ഏർപ്പെടുത്തിയിട്ടുള്ള "ജീവൻപ്രമാൺ" എന്ന ബയോമെട്രിക് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കേണ്ടതാണ്. ഈ സംവിധാനം കേരള ട്രഷറിയിലും ബാങ്കുകളിലും ലഭ്യമാണ്.

### e. One and the Same Certificate

നിലവിൽ വില്ലേജ് ഓഫീസർ വിവിധ പേരുകളുള്ള രേഖകൾ, വിവിധ അഡ്രസ്സുകളുള്ള രേഖ, സ്വയം സാക്ഷ്യപത്രം, അയൽവാസിയുടെ സാക്ഷ്യപത്രം എന്നിവയാണ് ഇത് ലഭ്യമാക്കാൻ വേണ്ടി നിഷ്കർഷിക്കുന്നത്. ഇത് നിർത്തലാക്കി വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകും.

Scanned with CamScanner

f. ബന്ധുത്വ (Relationship) സർട്ടിഫിക്കറ്റ്

റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നീ രേഖകളിൽ ഒന്ന് പരിശോധിച്ചാണ് ഈ സർട്ടിഫിക്കറ്റ് നൽകുന്നത്. മേൽപറഞ്ഞ രേഖകളിലേതിലെങ്കിലും ബന്ധുത്വം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വില്ലേജ് ഓഫീസറോ തഹസിൽദാരോ നൽകുന്ന ബന്ധുത്വ സർട്ടിഫിക്കറ്റ് ആവശ്യമില്ല .

g. കുടുംബ അംഗത്വ (Family Membership) സർട്ടിഫിക്കറ്റ്

നിലവിൽ സർട്ടിഫിക്കറ്റ് നൽകാൻ താഴെ പറയുന്ന രീതിയാണ് സ്വീകരിക്കുന്നത്.

1. കുടുംബമെന്നാൽ, അപേക്ഷകൻ, ഭാര്യ / ഭർത്താവ്, കുട്ടികൾ, ദത്തെടുത്ത കുട്ടികൾ, അപേക്ഷകൻ / അപേക്ഷകയോടൊപ്പം താമസിക്കുന്ന അച്ഛനമ്മമാർ എന്നിവരാണ്.
2. പ്രത്യേകമായി താമസിക്കുന്ന മക്കൾ കുടുംബപരിധിയിൽ കണക്കാക്കില്ല.
3. കുടുംബാംഗങ്ങളുടെ പ്രായം, ബന്ധം തുടങ്ങിയവ സർട്ടിഫിക്കറ്റിലുണ്ടാവും.
4. റേഷൻ കാർഡ്, സത്യവാങ്മൂലം, അയൽപക്കക്കാരന്റെ പ്രസ്താവന എന്നീ രേഖകളാണ് വില്ലേജ് ഓഫീസർ ആവശ്യപ്പെടാറുള്ളത്.
5. റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള് പേരുകൾ കുടുംബത്തിലെ അംഗങ്ങളായി കണക്കാക്കാം.

മേൽപറഞ്ഞ രീതി ഒഴിവാക്കി താഴെ പറയുന്ന ഭേദഗതി വരുത്തുന്നു.

അപേക്ഷകന്റെ റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെയെല്ലാം പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ റേഷൻ കാർഡ് തന്നെ കുടുംബാംഗത്വ സർട്ടിഫിക്കറ്റിന് പകരമായി സ്വീകരിക്കാം. അല്ലാത്തപക്ഷം വില്ലേജ് ഓഫിസർ നല്കുന്ന സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നു.

h. ഐഡന്റിഫിക്കേഷൻ (Identification) സർട്ടിഫിക്കറ്റ്

ആധാർ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, വോട്ടർ ഐ.ഡി കാർഡ്, ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡ് എന്നിങ്ങനെ യാതൊരു രേഖയുമില്ലാത്ത പൗരൻ സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നതിനായി വില്ലേജ് ഓഫീസറുടെ മുമ്പാകെ ഹാജരായി ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഒരു തിരിച്ചറിയൽ രേഖയുമില്ലാത്ത പൗരൻ ഗസറ്റഡ് ഓഫീസർ നൽകുന്ന അപേക്ഷകന്റെ ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും.

i. ജാതി സർട്ടിഫിക്കറ്റ്

നിലവിൽ വില്ലേജ് ഓഫീസർ/ തഹസിൽദാർ എന്നിവരാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. എസ്.എസ്.എൽ.സി ബുക്ക് / വിദ്യാഭ്യാസ രേഖ ഉൾപ്പെടെ പരിശോധിച്ചാണ് സർട്ടിഫിക്കറ്റ്

Scanned with CamScanner

നൽകുന്നത്. അപേക്ഷകന്റെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് / വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ/ തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന് പകരമായി അടിസ്ഥാന രേഖയായി പരിഗണിക്കാം. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയിൽ പെട്ടവരാണെങ്കിൽ അവരുടെ / അവരിലൊരാളുടെ എസ്.എസ്.എൽ.സി ബുക്ക് / വിദ്യാഭ്യാസ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി തെളിവായി പരിഗണിക്കാം.

j. **മിശ്രവിവാഹ (Inter caste) സർട്ടിഫിക്കറ്റ്**

താഴെ പറയുന്ന ആവശ്യങ്ങൾക്കാണ് മിശ്രവിവാഹ സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്നത് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാൻ, പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കാൻ, സ്ഥലംമാറ്റങ്ങൾക്ക്.വില്ലേജ് ഓഫീസർ റേഷൻ കാർഡ്, എസ്.എസ്.എൽ.സി ബുക്ക്, രക്ഷിതാക്കളുടെ എസ്.എസ്.എൽ.സി ബുക്ക്, വിവാഹ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ പരിശോധിച്ചാണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

ഭാര്യയുടെയും ഭർത്താവിന്റെയും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ / വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ് രജിസ്ട്രാറോ തദ്ദേശ സ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഉണ്ടെങ്കിൽ ആയത് മിശ്രവിവാഹ സർട്ടിഫിക്കറ്റിന് പകരമുള്ള രേഖയായി സ്വീകരിക്കാം. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഒഴിവാക്കാം. ഇതോടൊപ്പം ഒരു സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു.

k. **ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്:**

വായ്പയ്ക്കും മറ്റ് ആവശ്യങ്ങൾക്കും വില്ലേജ് ഓഫീസറാണ് ഈ സർട്ടിഫിക്കറ്റ് നൽകുന്നത്.

ഓരോ വില്ലേജിലും ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ലാതായിത്തീരുന്നതാണ്.

l. **ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ**

നിലവിൽ വിദേശത്തേക്ക് പോകുന്ന തൊഴിലന്വേഷകർക്ക് എംബസികളിൽ ഹാജരാകാൻ ഒറിജിനൽ സർട്ടിഫിക്കറ്റുകളിൽ ആഭ്യന്തര വകുപ്പിന്റെ സാക്ഷ്യപ്പെടുത്തലുകൾ ആവശ്യമാണ്. ഗൾഫ് രാജ്യങ്ങളിലേക്കും മറ്റ് ഏഷ്യൻ രാജ്യങ്ങളിലേക്കും പോകുന്നവർക്ക് നോട്ടറിയുടെ സാക്ഷ്യപത്രത്തിൽ കൗണ്ടർ സൈൻ ചെയ്യുന്ന സമ്പ്രദായമാണുള്ളത്. യൂറോപ്പ്, ആഫ്രിക്ക, യു.എസ്.എ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകുന്നവരുടെ രേഖകൾ ഇൻറലിജൻസ് വിഭാഗത്തിന് പരിശോധനയ്ക്ക് നൽകുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് സാക്ഷ്യപ്പെടുത്തൽ നടത്തുകയുമാണ് ചെയ്യുന്നത്. ഇത് ധാരാളം കാലതാമസമുണ്ടാകും.

ഓൺലൈനായി സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം വിദേശത്തേക്ക് പോകുന്ന തൊഴിലന്വേഷകർക്ക് നൽകുന്നതാണ്. സർവ്വകലാശാലകൾ, പരീക്ഷാ ഭവൻ, ഹയർ സെക്കണ്ടറി വിഭാഗം, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർക്ക് ലോഗിൻ സൗകര്യം നൽകുന്നതാണ്. ഇവർക്ക് സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഓൺലൈനായി പരിശോധിക്കാൻ കഴിയും. 14 ജില്ലകളിലും ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഇതിന് ചുമതലപ്പെടുത്തുന്നു. പരിശോധിച്ചശേഷം അറ്റസ്റ്റേഷൻ പൂർത്തീകരിച്ച് സേവനം ലഭ്യമാകേണ്ട വ്യക്തിയെ മുൻകൂട്ടി അറിയിച്ച്

Scanned with CamScanner

സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

vi.ഇതിനായുള്ള നിലവിലെ സർക്കാർ ഉത്തരവുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി/പിൻവലിച്ച് പുതിയ ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്നതിന്റെ മേൽനോട്ടം വഹിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Bishwanath Sinha
Principal Secretary

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/എല്ലാ പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/എല്ലാ ഓഫീസർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ (എസ്.സി.) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ.മാർക്ക്

Scanned with CamScanner